# അമ്മിണി കവിതകൾ

## (ഭാഗം 7)

പ്രൊഫ.എം.ടി. ആൻറണി, ന്യൂയോർക്ക്



വലിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന ചെറിയ കവിതകൾക്ക് ഇപ്പോൾ പ്രചുര പ്രചാരം ലഭിച്ചിരിക്കയാണ്. മഹാകാവ്യങ്ങൾ വായിക്കാൻ ഇപ്പോൾ ആർക്കും സമയമില്ല. തന്നെയുമല്ല വ്രുത്തത്തിൽ നീട്ടി പടാവുന്ന കവിതകളും ഇപ്പോൾ കുറഞ്ഞ് വരുന്നു. വ്രുത്തങ്ങൾ കവിതകളെ ഓർമ്മിക്കാൻ സഹായിക്കുമെന്നല്ലാതെ, കേൾക്കാൻ സുഖം തരുമെന്നല്ലാതെ അത് കൊണ്ട് കവിതയുടെ ഇതിവ്രുത്തത്തിനോ, ശിൽപ്പ ഭദ്രതക്കോ ഗുണം ഏറുന്നില്ല. അതേ സമയം ശുദ്ധമായ ഗദ്യം വരിയൊപ്പിച്ചെഴുതിയാലും കവിതയാകുന്നില്ല. ഏതൊരു കവിതയായാലും അത് വായനകാരൻെറ മനസ്സിലേക്ക് ഇഴുകി ചെല്ലണം. അവനെ ചിന്തിപ്പിക്കണം. ഒരു പക്ഷെ സഹ്രുദയനായ ഒരാൾക്ക് ഒരു കവിത വായിക്കുമ്പോൾ അതിൽ ചില മാറ്റങ്ങൾ വരുത്തുകയാണെങ്കിൽ നന്നാകുമായിരുന്നു എന്ന് തോന്നുന്നു. അത് നല്ല നിരൂപണമായി മാറുന്നു. നമ്മൾ മലയാളികളിൽ പലരും കവിതയെ വിലയിരുത്തുന്നത് കവി മുഖ്യധാരയിൽ എത്ര മാത്രം ശോഭിക്കുന്നു എന്ന് നോക്കിയാണ്. മുഖ്യധാരായിൽ എത്തിപെടുന്നതിനിടക്ക് പലരും കാലിടറി വീഴുന്നു. അത് അവരുടെ കഴിവ് കേടല്ല. വാസ്തവത്തിൽ നല്ല നിരൂപകരില്ലാത്തതിൻെറ പേരിലാണ്. ജനങ്ങൾ ഒരു എഴുത്തുകാരനിൽ അല്ലെങ്കിൽ നിരൂപകരിൽ വിശ്വസിക്കുന്നു. അവർ എന്തെഴുതിയാലും അത് പ്രമാദം എന്ന് ധരിക്കുന്നു. അത്തരം അലസ മനോഭാവം നല്ല കവിതകളെ മുളയിലെ നുള്ളികളയുന്നു. പല സ്ഥലത്ത് നിന്നും പകർത്തിയെടുത്ത് അതിനെ മലയാളീകരിച്ച് ആധുനികത എന്ന നെറ്റിപ്പട്ടവും ചാർത്തി ചിലർ പല രൂപത്തിലും കവിതകൾ എഴുതി വിടുന്നു. അത് ഭാഷയോടും വായനകാരോടും ചെയ്യുന്ന വഞ്ചനയാണു. നമ്മൾ മലയാളത്തിൽ എഴുതുമ്പോൾ മലയാളഭാഷയുടെ ചാരുതയും വശ്യതയും ഉപയോഗിച്ച് കൊണ്ടെഴുതണം. ലാറ്റിന അമേരിക്കയിലേയോ, ആഫ്രിക്കയിലേയോ, ചൈനയിലെയോ, ജപ്പാനിലേയോ കലാ രൂപങ്ങൾ മലയാളത്തിൽ പ്രദർശിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് മലയാള ഭാഷക്ക് വൈക്രുതം സംഭവിക്കാൻ തുടങ്ങിയത്. കാൽപ്പ്നിക ലാവണ്യത്തിൽ മുങ്ങി നിന്ന് അതി മനോഹരമായ കവിതകൾ കൊണ്ട് സമ്പന്നമായ നമ്മുടെ ഭാഷയിൽ വിദേശധിപത്യത്തിൻെറ കല്ലു കടി വന്നത് കഷ്ടം തന്നെ. വനം കൊള്ളയടിച്ചും, പുഴയിലെ മണൽ വാരിയും പ്രക്രുതിയെ നശിപ്പിച്ച് പണം വാരുന്ന മനുഷ്യനും മലയാള തനിമ വിട്ട് വിദേശ ആശയങ്ങൾക്ക് പുറകെ പോകുന്ന എഴുത്തുകാരനും ഒരു പോലെയാണ്. ഒരാൾ പ്രക്രുതി സൗന്ദര്യം നശിപ്പിക്കുന്നു, മറ്റേയാൾ ഭാഷാ സൗകുമാര്യം നശിപ്പിക്കുന്നു.. എഴുത്ത്കാർ മലയാള തനിമ വിടാതെ എഴുതുന്നത് ഉത്തമെന്ന് ഞാൻ വിശ്വസിക്കുന്നു. എൻെറ കവിതകൾ ലളിതവും, ആശയ ദുർഗ്രഹമല്ലാത്തതുമാക്കാൻ ഞാൻ ശ്രമിക്കുന്നു. ഇത് എൻെറ ഭാവന സ്രുഷ്ടിയാണ്. ഞാൻ ആരുടേയും ശൈലിയോ,

ഏതെങ്കിലും രാജ്യക്കാരെയോ ആശ്രയിക്കുന്നില്ല. എന്റെ വിനീതമായ കവിതകൾ വായനകാർക്ക് താൽപ്പര്യമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ ഏഴാം ഭാഗത്തോടെ എന്റെ അമ്മിണി കവിതകളിൽ നിന്നും ഞാൻ തൽക്കാലം വിരമിക്കുന്നു.

**അടുത്ത ശനിയാഴ്ച്ച് ഡിസംബർ 6 നു ശ്രീ ജെയിൻ മുണ്ടക്കൽ സംഘടിപ്പിക്കുന്ന അമേരിക്കൻ മലയാളി സാഹിത്യ സല്ലാപത്തിൽ എന്റെ അമ്മിണി കവിതകൾ ചർച്ച ചെയ്യുന്നുണ്ട്. പ്രിയ സഹ്രുദയർ, നിങ്ങൾ എല്ലാവരും അതിൽ പങ്കെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതെപ്പറ്റി കൂടുതലായിയറിയാൻ ശ്രീ മുണ്ടക്കലുമായി 1-813-389-3395 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണു്.**

# ബുഷ് പിടിച്ച് പുലിവാല്

കോരപ്പൻ അൽപ്പം വൈകി
ഉറക്കമുണരാൻ
പേരക്കുട്ടി രാമു എന്തോ
മന്ത്രം പോലെ ഉരുവിടുന്നുണ്ടായിരുന്നു
ബുഷ് പിടിച്ച് പുലിവാല്
ബുഷ് പിടിച്ച് പുലിവാല്
കോരപ്പനു കാര്യം മനസ്സിലായില്ല
എന്താ രാമു, തെറ്റി വായിക്കുന്നത്
നായര് പിടിച്ച് പുലിവാല്
എന്നല്ലേ?
നായരല്ലേ പുലിവാല് പിടിച്ചത്?
മുത്തച്ഛാ, അതൊക്കെ പഴയ കഥ
നായർ പുലിവാല്
ബുഷിനെ ഏൽപ്പിച്ചു.
നായരു് നായരുടെ പാട്ടിനുപോയി
അപ്പോഴും
കോരപ്പനു പൂർണ്ണ ചിത്രം കിട്ടിയില്ല.

# അന്വേഷണം

എത്രനാൾ എത്ര ദൂരം നടന്നു എന്നെനിക്കറിയില്ല
ഒരു പക്ഷെ, ജന്മജന്മന്തരങ്ങളായി
ഞാൻ നടക്കുകയായിരുന്നു.
ശരീരം നിശ്ശേഷം തളർന്നിരിക്കുന്നു
മനസ്സ് എപ്പോഴും ഉണർന്നിരിപ്പുണ്ടായിരുന്നു
അബോധബോധാവസ്ഥകളിൽ മനസ്സ്
അസ്വസ്ഥമായിരുന്നു
മനസ്സ് എന്നും അന്വേഷണപാതയിലായിരുന്നു
വ്യാജപ്രവാസ സ്വർഗ്ഗത്തിനുവേണ്ടി
സ്ഥാവരജംഗമങ്ങളൊക്കെ ഉപേക്ഷിച്ച്
മകൻ *നാചികേതസ് ഒരേയൊരു ചോദ്യവുമായി
യമമഹാരാജാവിൻെറ കൊട്ടാരത്തിലെത്തി
മരണശേഷം എന്തു സംഭവിക്കുന്നു?
വേദാന്തത്തിൻെറ എല്ലാ വരികളും പാടി
എന്നിലെ നാചികേതസ് ഇനിയും ഉറങ്ങിയില്ല
ഞാൻ ഉണർന്നപ്പോൾ ഞാൻ ഏകാന്തനായിരുന്നു
ഉണങ്ങാൻ തുടങ്ങിയ എൻെറ കണ്ണുനീർ
അതുമാത്രമേ എനിക്ക് കൂട്ടായിരുന്നുള്ളു
മുകളിലേക്ക് നോക്കിയപ്പോൾ
വളരെ വളരെ ദൂരം ക്ഷേത്രത്തിൻെറ ശ്രീകോവിൽ
തുളസിത്തറയിലെ തുളസിയുടെ സുഗന്ധവും
ഉറങ്ങാൻ വെമ്പിയ സന്ധ്യയുടെ മഞ്ഞിൽ
മൂടിയ ദീപം, ദീപം എന്ന അർച്ചനാനാമവും
സന്ധ്യയുടെ താമരയിതളുകൾ വിടരാൻ തുടങ്ങുകയായിരുന്നു
ശ്രീകോവിൽ ഉയരമുള്ള ഒരു കുന്നിൻെറ മുകളിലായിരുന്നു
ശരീരാം പിറകിലിട്ട് മനസ്സ് ഓരോ പടിയും
കയറി മുന്നോട്ട് പോയി
ഭയം കൊണ്ടോ ആശയക്കുഴപ്പം കൊണ്ടോ
ഞാൻ തിരിഞ്ഞ് നോക്കിയില്ല

മനസ്സിനു നിഴലുണ്ടായിരുന്നില്ല
മേൽശാന്തി എന്നെ കണ്ടില്ല
എന്താണു് പ്രതിഷ്ഠ?
മനസ്സിലായില്ല
മരണം അവസാനമാണൊ? പുതിയ ആരംഭമാണോ?
പുനർജന്മം എന്നൊരു അഗ്നിപരീക്ഷയുണ്ടോ?
ദയവായി, സ്വർഗ്ഗമുണ്ടോ? നരകമുണ്ടോ?
ക്ഷമയോടുകൂടെ ഒരുത്തരത്തിനുവേണ്ടി
ഞാൻ കാത്ത് നിന്നു
ആ കൽപ്രതിമയുടെ മുഖം വികാരരഹിതമായിരുന്നു.

*കഠോപനിഷത്ത്

## പതിവ് പോലെ കുറച്ച് കുറിയ ഇംഗ്ലീഷ് കവിതകൾ

Snowball by Shel Silverstein:

I made myself a snowball
As perfect as could be.
I thought I'd keep it as a pet
And let it sleep with me.
I made it some pajamas
And a pillow for its head.
Then last night it ran away,
But first it wet the bed.

Atluri Krishna Sagar

He worked by day
And toiled by night.
He gave up play
And some delight.
Dry books he read,
New things to learn.
And forged ahead,
Success to earn.
He plodded on with
Faith and pluck;
And when he won,
Men called it luck.

Jatin Gahlawat,

Among all the things I have lost,
I miss myself the most.